# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.07.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. **വിദ്യാർത്ഥികൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ നൈപുണ്യത്തിന്റെ കേന്ദ്രങ്ങളാകണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.**

   Coaching centres must use their Infrastructure to transform into skill centres says V P Jagdeep Dhankhar.

2. **കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ സിംഗപ്പൂർ- ചൈന സന്ദർശനത്തിന് ഇന്ന് തുടക്കമാകും.**

   Union External Affairs Minister S. Jaishankar's Singapore-China visit will begin today.

3. **മൻ കീ ബാത് ടാലന്റ് ഹണ്ട് സീസൺ 5 ന്റെ ഫൈനൽ മത്സരം ഇന്ന് തിരുവനന്തപുരത്ത് കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ ഉദ്ഘാടനം ചെയ്യും.**

   MoS Raksha Nikhil Khadse will inaugurate the finale of Mann Ki Baat Talent Hunt Season 5 in Thiruvananthapuram today.

4. **കേരളത്തിൽ നിപ സമ്പർക്കപ്പട്ടികയിൽ അഞ്ഞൂറോളം പേർ ഉള്ളതായി ആരോഗ്യ മന്ത്രി വീണാ ജോർജ് ; മലപ്പുറം, പാലക്കാട് ജില്ലകളിൽ സന്ദർശനം നടത്തി കേന്ദ്ര സംഘം.**

   In Kerala, nearly 500 people are included in the Nipah contact list says Health Minister Veena George ; the Central team visits Malappuram and Palakkad districts.

5. യൂറോപ്യൻ യൂണിയൻ, മെക്സിക്കോ രാജ്യങ്ങളിൽ നിന്നുള്ള എല്ലാ സാധനങ്ങൾക്കും 30 ശതമാനം നികുതി ഏർപ്പെടുത്തി അമേരിക്ക; വ്യാപക പ്രതിഷേധവുമായി യൂറോപ്യൻ യൂണിയൻ നേതാക്കൾ.

   America imposes a 30 percent tax on all goods from the European Union and Mexico; European Union leaders criticise the decision.

6. വിംബിൾഡൺ വനിതാ സിംഗിൾസിൽ കന്നിക്കിരീടം സ്വന്തമാക്കി പോളണ്ടിന്റെ ഇഗ ഷ്വാൻടെക്.

   Poland's Iga Swiątek wins her maiden Wimbledon women's singles title.

*********************************************

## HEADLINE-1
## VP-COACHING CENTRES(INTRO)

വിദ്യാർത്ഥികൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ സമ്മർദ്ദത്തിന്റെ കേന്ദ്രങ്ങളായി മാറിയെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ആശങ്കാജനകമായ ഈ സാഹചര്യം ചർച്ച ചെയ്യപ്പെടണമെന്നും നമ്മുടെ വിദ്യാഭ്യാസമേഖലയെ കളങ്കപ്പെടുത്തുന്നത് അനുവദിക്കാനാവില്ലെന്നും ഉപരാഷ്ട്രപതി പറഞ്ഞു. രാജസ്ഥാനിലെ കോട്ടയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയുടെ നാലാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. പരിശീലന കേന്ദ്രങ്ങൾ നൈപുണ്യ കേന്ദ്രങ്ങളായി മാറാൻ അവയുടെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കണമെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയിസ്)

*******************************

## HEADLINE-2
## JAISHANKAR SINGAPORE CHINA

കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇന്ന് മുതൽ ചൊവ്വാഴ്ച വരെ സിംഗപ്പൂരും ചൈനയും സന്ദർശിക്കും. സിംഗപ്പൂർ വിദേശകാര്യ മന്ത്രിയുമായും നേതൃത്വവുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. ദ്വിരാഷ്ട്ര പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ, ടിയാൻജിനിൽ നടക്കുന്ന എസ്‌സിഒ വിദേശകാര്യ മന്ത്രിമാരുടെ കൗൺസിൽ യോഗത്തിൽ പങ്കെടുക്കാൻ വിദേശകാര്യ മന്ത്രി ചൈന സന്ദർശിക്കും. ഇതോടൊപ്പം ഉഭയകക്ഷി യോഗങ്ങളും നടത്തും.

*******************************

## AMTH SHA

കണ്ണൂർ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്ര ദർശനം കഴിഞ്ഞു ഇന്നലെ രാത്രിയോടെ കേന്ദ്ര മന്ത്രി അമിത് ഷാ കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഡൽഹിയിലേക്ക് മടങ്ങി. ക്ഷേത്രത്തിലെ പ്രധാന വഴിപാടായ പൊന്നിൻ കുടം അദ്ദേഹം സമർപ്പിച്ചു. ശ്രീ അമിത് ഷാ യെ കാണാനായി മട്ടന്നൂരിലും തളിപ്പറമ്പിലും റോഡരികിൽ നിരവധി ആളുകൾ എത്തിയിരുന്നു.

*******************************

## WHO - AYUSH

പരമ്പരാഗത വൈദ്യശാസ്ത്രത്തെ, നിർമിതബുദ്ധിയിലൂടെ ആയുഷുമായി സംയോജിപ്പിക്കുന്നതിൽ ഇന്ത്യ നടത്തുന്ന ശ്രമങ്ങളെ അംഗീകരിച്ച് ലോകാരോഗ്യ സംഘടന. പരമ്പരാഗത വൈദ്യശാസ്ത്രത്തെ സാങ്കേതികവിദ്യയിലൂടെ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള രാജ്യത്തിന്റെ സമർപ്പണത്തിന്റെ തെളിവാണ് ലോകാരോഗ്യ സംഘടനയുടെ അംഗീകാരമെന്ന് കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ് റാവു ജാദവ് പറഞ്ഞു. SAHI പോർട്ടൽ, NAMASTE പോർട്ടൽ, ആയുഷ് റിസർച്ച് പോർട്ടൽ തുടങ്ങിയ പ്ലാറ്റ്ഫോമുകളിലൂടെ, രാജ്യം പുരാതന

വൈദ്യശാസ്ത്രത്തെ സംരക്ഷിക്കുകയും ആരോഗ്യ സംരക്ഷണത്തിന്റെ ഭാവി രൂപപ്പെടുത്തുകയും ചെയ്യുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

********************************

## WCD-MEETING

വനിതാ - ശിശു വികസനവുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികളിൽ കേന്ദ്ര-സംസ്ഥാന സഹകരണം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് ഗുജറാത്തിലെ കെവാദിയയിൽ മേഖലാതല യോഗം നടന്നു. ഗുജറാത്ത്, മഹാരാഷ്ട്ര, മധ്യപ്രദേശ്, രാജസ്ഥാൻ, ഗോവ എന്നീ സംസ്ഥാനങ്ങൾ പങ്കെടുത്തു. കേന്ദ്ര മന്ത്രി അന്നപൂർണ ദേവി അധ്യക്ഷത വഹിച്ച യോഗത്തിൽ കേന്ദ്ര സഹമന്ത്രി സാവിത്രി താക്കൂറും പങ്കെടുത്തു. മിഷൻ ശക്തി, മിഷൻ വാത്സല്യ, മിഷൻ സക്ഷം അങ്കണവാടി, പോഷൻ 2.0 എന്നിവയ്ക്ക് കീഴിലുള്ള പ്രവർത്തനങ്ങളിൽ ചർച്ച കേന്ദ്രീകരിച്ചു.

********************************

## RAJNATH SINGH-UP VISIT (INTRO)

ഓപ്പറേഷൻ സിന്ദൂരിൽ വനിതാ സൈനികരും പൈലറ്റുമാരും വഹിച്ച നിർണായക പങ്കിനെ പ്രശംസിച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഇന്നലെ ലഖ്നൗവിലെ ചൗക്കിലെ ബാഡി കാളി ജി ക്ഷേത്ര സമുച്ചയത്തിലെ പുതിയ ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വനിതകളുടെ പങ്കാളിത്തത്തോടെ പാകിസ്ഥാനിലെ ഒമ്പത് ഭീകര ക്യാമ്പുകൾ നശിപ്പിക്കാൻ ഇന്ത്യൻ സേനയ്ക്ക് കഴിഞ്ഞുവെന്ന് മന്ത്രി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

ഈ വർഷം കാർഗിൽ യുദ്ധത്തിന്റെ 26-ാം വാർഷികം ആഘോഷിക്കുകയാണെന്നും, ഈ അവസരത്തിൽ,

രാജ്യത്തിനായി പരമ ത്യാഗം ചെയ്ത ക്യാപ്റ്റൻ മനോജ് പാണ്ഡെ ഉൾപ്പെടെയുള്ള ധീരന്മാരെ സ്മരിക്കണമെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

********************************

**HEADLINE-3**

## MANN KI BAAT - TALENT HUND

പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രഭാഷണ പരമ്പരയെ അടിസ്ഥാനമാക്കി മേരാ യുവ ഭാരതിന്റെ ആഭിമുഖ്യത്തിൽ, സംഘടിപ്പിക്കുന്ന മൻ കീ ബാത് ടാലന്റ് ഹണ്ട് സീസൺ 5 ന്റെ ഫൈനൽ മത്സരം ഇന്ന് നടക്കും. തിരുവനന്തപുരം കഴക്കൂട്ടത്ത് സംഘടിപ്പിക്കുന്ന പരിപാടി കേന്ദ്ര യുവജന കാര്യവകുപ്പ് സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ ഉദ്ഘാടനം ചെയ്യും. മുൻ കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ അധ്യക്ഷത വഹിക്കും.

********************************

**HEADLINE-4**

## NIPAH

കേരളത്തിൽ നിപ സമ്പർക്കപ്പട്ടികയിൽ ആകെ 497 പേർ ഉള്ളതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. മലപ്പുറം ജില്ലയിൽ 203 പേരും കോഴിക്കോട് 114 പേരും പാലക്കാട് 178 പേരും എറണാകുളത്ത് 2 പേരുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്. മലപ്പുറത്ത് 10 പേരാണ് ചികിത്സയിലുള്ളത്. അതേസമയം മലപ്പുറം, പാലക്കാട് ജില്ലകളിൽ നിപാ റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ കേന്ദ്ര സംഘം സന്ദർശിച്ചു. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് സംഘം ഇന്നലെ മഞ്ചേരി ഗവ. മെഡിക്കൽ കോളേജിലെത്തി. ഐസൊലേഷൻ വാർഡിന്റെയും അനുബന്ധ സജ്ജീകരണങ്ങളുടെയും പ്രവർത്തനങ്ങളിൽ സംഘം തൃപ്തി രേഖപ്പെടുത്തി.

********************************

## AARANMULA VALLASADHYA

പത്തനംതിട്ട ജില്ലയിലെ ആറന്മുള പാർഥസാരഥി ക്ഷേത്രത്തിലെ പ്രസിദ്ധമായ വള്ള സദ്യയ്ക്ക് ഇന്നു തുടക്കം കുറിക്കും. രാവിലെ 11നു ഗതാഗത മന്ത്രി കെ.ബി ഗണേഷ് കുമാർ ക്ഷേത്ര മുറ്റത്ത് ആന കൊട്ടിലിൽ പ്രത്യേകം തയാറാക്കിയ സ്ഥലത്ത് വിളക്കുകൊളുത്തി ഉദ്ഘാടനം നിർവഹിക്കും. ഒക്ടോബർ രണ്ടു വരെ 80 ദിവസമാണ് ഇത്തവണ വള്ള സദ്യക്കാലം. ഏഴു പള്ളിയോടങ്ങളാണ് ഇന്ന് വള്ളസദ്യയിൽ പങ്കെടുക്കുന്നത്.

*******************************

## SABARIMALA

ശബരിമലയിൽ നവഗ്രഹ ക്ഷേത്ര പ്രതിഷ്ഠ ഇന്നു നടക്കും. തന്ത്രി കണ്ഠര് രാജീവരുടെ കാർമികത്വത്തിൽ പകൽ 11 നും 12 നും മധ്യേയുള്ള കന്നി രാശി മുഹൂർത്തത്തിലാണ് പ്രതിഷ്ഠ നടക്കുക. മാളികപ്പുറത്തിന് സമീപമാണ് പുതിയ നവഗ്രഹ ശ്രീകോവിൽ നിർമ്മിച്ചിട്ടുള്ളത്. പ്രതിഷ്ഠയോടനുബന്ധിച്ചുള്ള പൂജകൾ പൂർത്തിയാക്കി ഇന്നു രാത്രി 10നു നട അടയ്ക്കും. തുടർന്ന് കർക്കടക മാസ പൂജയ്ക്കായി ഈ മാസം 16 ന് നട തുറക്കും.

*******************************

## RAIN-KERALA+ IMD WEATHER

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ഏഴു ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മധ്യപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

*******************************

**HEADLINE-5**

## EU REAX-US TARIFF

അടുത്ത മാസം 1 മുതൽ യൂറോപ്യൻ യൂണിയൻ, മെക്സിക്കോ എന്നിവിടങ്ങളിൽ നിന്നുള്ള എല്ലാ സാധനങ്ങൾക്കും 30 ശതമാനം നികുതി ഏർപ്പെടുത്തി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. പ്രഖ്യാപനത്തിനതിരെ വ്യാപക പ്രതിഷേധവുമായി യൂറോപ്യൻ യൂണിയൻ നേതാക്കൾ രംഗത്തെത്തി. നികുതി വർദ്ധനവ് പണപ്പെരുപ്പത്തിന് ആക്കം കൂട്ടുകയും വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുമെന്ന് യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റ പറഞ്ഞു. ന്യായമായ ഒരു കരാറിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാണെന്ന് യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ പ്രതികരിച്ചു. ഫ്രഞ്ച് പ്രസിഡന്റ്, ഇറ്റാലിയൻ പ്രധാനമന്ത്രി, നെതർലാൻഡ് പ്രധാനമന്ത്രി എന്നിവരും യുഎസും EU യും തമ്മിലുള്ള വ്യാപാര സംഘർഷം ദോഷകരമാകുമെന്ന് മുന്നറിയിപ്പ് നൽകി. യൂറോപ്യൻ കയറ്റുമതിക്കാരെ താരിഫുകൾ സാരമായി ബാധിക്കുമെന്നും അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെയും തീരുമാനം ദോഷകരമായി ബാധിക്കുമെന്ന് ജർമ്മൻ ധനകാര്യ മന്ത്രി കാതറീന റീച്ചെ പറഞ്ഞു.

********************************

## TEST CRICKET

ലോർഡ്സിൽ നടക്കുന്ന ഇന്ത്യ ഇംഗ്ലണ്ട് മൂന്നാം ടെസ്റ്റിൽ ഇംഗ്ലണ്ട് ഇന്ന് രണ്ടാം ഇന്നിംഗ്സ് പുനഃരാരംഭിക്കും. വൈകിട്ടു 3:30 നാണു മത്സരം. ഇന്നലെ മൂന്നാം ദിവസം കളി നിർത്തുമ്പോൾ ഇംഗ്ലണ്ട് വിക്കറ്റൊന്നും നഷ്ടമാവാതെ 2 റൺസ് എന്ന നിലയിലാണ്. ഇന്ത്യ ഒന്നാം ഇന്നിംഗ്സിൽ 387 റൺസിന് പുറത്തായി. കെ.എൽ. രാഹുൽ സെഞ്ച്വറി നേടി. അഞ്ച് മത്സരങ്ങളുള്ള ടെസ്റ്റ് പരമ്പര നിലവിൽ 1-1 എന്ന നിലയിൽ സമനിലയിലാണ്.

********************************

## HEADLINE-6
## WIMBLEDON TENNIS

വിംബിൾഡൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീടം സ്വന്തമാക്കി പോളണ്ടിന്റെ ഇഗ ഷ്യാൻടെക്. ഇന്നലെ നടന്ന ഫൈനലിൽ യു എസ്സിന്റെ അമാൻഡ അനിസിമോവയെയാണ് ഇഗ പരാജയപ്പെടുത്തിയത്. 6-0, 6-0 എന്ന സ്കോറിനാണ് ഇഗയുടെ ആദ്യ കിരീട നേട്ടം. പുരുഷ സിംഗിൾസ് ഫൈനലിൽ ഇന്ന് ഇറ്റലിയുടെ യാനിക് സിന്നർ സ്പെയിനിന്റെ കാർലോസ് അൽകരാസിനെ നേരിടും. രാത്രി 8:30 ന് മത്സരം ആരംഭിക്കും.

********************************

## FOOTBALL-U20 WOMEN

അണ്ടർ-20 വനിതാ ഫുട്ബോളിൽ ഉസ്ബെക്കിസ്ഥാനെതിരെ ഇന്ത്യ ഇന്ന് സൗഹൃദ മത്സരം കളിക്കും. താഷ്കെന്റിൽ രാത്രി 8:30 നാണു മത്സരം. അടുത്ത മാസം നടക്കുന്ന എഎഫ്സി അണ്ടർ-20 വനിതാ ഏഷ്യൻ കപ്പ് യോഗ്യതാ മത്സരങ്ങൾക്കുള്ള തയ്യാറെടുപ്പിന്റെ ഭാഗമാണ് ഈ സൗഹൃദ മത്സരങ്ങൾ.

********************************

## ARCHERY WORLD CUP

മാഡ്രിഡിൽ നടന്ന ആർച്ചറി വേൾഡ് കപ്പ് സ്റ്റേജ് 4 ൽ ഇന്ത്യ മൂന്ന് മെഡലുകൾ നേടി. ഏഷ്യൻ ഗെയിംസ് ചാമ്പ്യൻ ജ്യോതി സുരേഖ വെന്നം വനിതാ വ്യക്തിഗത കോമ്പൗണ്ട് ഇനത്തിൽ വെള്ളി നേടി. വനിതാ ടീം ഇനത്തിൽ, പർണീത് കൗർ -പ്രിതിക പ്രദീപ് സഖ്യം വെള്ളിമെഡൽ സ്വന്തമാക്കി. മിക്സഡ് ടീം കോമ്പൗണ്ട് ഇനത്തിൽ, ജ്യോതി- ഋഷഭ് യാദവ് സഖ്യം മൂന്നാം സ്ഥാനം നേടി.

********************************

## EC BIHAR

ബിഹാറിൽ 80.11 ശതമാനം വോട്ടർമാരും എന്നുമെറേഷൻ ഫോമുകൾ സമർപ്പിച്ചതായി തെരെഞ്ഞെടുപ്പ് കമ്മീഷൻ. ജൂലൈ 25 നു മുമ്പുതന്നെ ഫോമുകളുടെ ശേഖരണം പൂർത്തിയാക്കുകയാണ് ലക്ഷ്യമെന്ന് കമ്മീഷൻ അറിയിച്ചു. ഓഗസ്റ്റ് 1 ന് പ്രസിദ്ധീകരിക്കേണ്ട കരട് വോട്ടർ പട്ടികയിൽ പേരുകൾ ഉൾപ്പെടുത്തുന്നതിന്, വോട്ടർമാർ യോഗ്യതാ രേഖകൾക്കൊപ്പം ഫോമുകൾ സമർപ്പിക്കണമെന്ന് തെരെഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ പറഞ്ഞു.

*******************************

## ED FRAUD

റിയൽ എസ്റ്റേറ്റ് സ്ഥാപനമായ പേൾസ് അഗ്രോടെക് കോർപ്പറേഷൻ ലിമിറ്റഡിൽ നടന്ന അഴിമതിക്കേസുമായി ബന്ധപെട്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് 762.47 കോടി രൂപയുടെ സ്വത്തുക്കൾ താൽക്കാലികമായി കണ്ടുകെട്ടി. പഞ്ചാബ്, ഹരിയാന, ഡൽഹി, മഹാരാഷ്ട്ര, ഓസ്ട്രേലിയ എന്നിവിടങ്ങളിലാണ് ഇ ഡി പരിശോധന നടത്തിയത്. പിഎസിഎല്ലിലെ ഡയറക്ടർമാരും പ്രൊമോട്ടർമാരും നിക്ഷേപകരിൽ നിന്ന് ഏകദേശം 48,000 കോടി രൂപ സ്വരൂപിക്കുകയും ദുരുപയോഗം ചെയ്തുവെന്ന് ഇഡി അറിയിച്ചു.

*

*************

************************************************